പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1552 — 05.12.2014 ലെ മറുപടിക്ക്

പ്രവാസി നിക്ഷേപങ്ങൾക്ക് അധിക നികുതി സമ്പ്രദായം

ചോദ്യം — ശ്രീമതി ഗീതാ ഗോപി

മറുപടി — ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പ്രവാസി ബാങ്ക് നിക്ഷേപങ്ങളിൽ അധിക നികുതി ഏർപ്പെടുത്തുന്നതിന് തീരുമാനങ്ങളോ നിയമ നിർമ്മാണങ്ങളോ ഉത്തരവുകളോ നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (എ) | പ്രവാസികൾ വിദേശത്തു നിന്നും സ്വദേശത്തേക്ക് അയയ്ക്കുന്ന പണം ഇന്ത്യയ്ക്കകത്ത് കൈകാര്യം ചെയ്യുന്ന സേവന ദാതാക്കളുടെ മേൽ സേവന നികുതി ഏർപ്പെടുത്തി കേന്ദ്ര സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.വിദേശത്ത് നിന്നും ഇന്ത്യയിലേക്ക് അയയ്ക്കുന്ന പണത്തിന് സേവന നികുതി ബാധകമല്ല. എന്നാൽ വിദേശ നാണയ വിനിമയ സേവന ദാതാവി (foreign money transfer service operator (MTSO)ന്റെ ഏജന്റായോ പ്രതിനിധിയായോ ഈ പണം ഇന്ത്യയ്ക്കകത്ത് വിതരണം ചെയ്യുന്ന സ്ഥാപനമോ ബാങ്കോ ഈ സേവനത്തിന് വിദേശ നാണയ വിനിമയ സേവന ദാതാവിൽ (MTSO) നിന്നും ഈടാക്കുന്ന കമ്മീഷന് സേവന നികുതി നൽകണമെന്നതാണ് നിർദ്ദേശം. |
| (ബി) | പ്രവാസികളുടെ നിക്ഷേപങ്ങൾക്ക് അധിക നികുതി ഏർപ്പെടുത്താനുള്ള തീരുമാനം റദ്ദ് ചെയ്യുമോ? | (ബി) | ഇക്കാര്യം കേന്ദ്ര സർക്കാരാണ് തീരുമാനിക്കേണ്ടത്. പ്രസ്തുത നികുതി നിർദ്ദേശം പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ